പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3777 | 19.2.2013-ൽ മറുപടിയ്ക്ക്

## ശാസ്ത്രവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നവർക്കെതിരെയുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ജനങ്ങളുടെ ക്ഷിപ്രവിശ്വാസ സാധ്യതയെ മുതലെടുത്തുകൊണ്ട് കേരളത്തിൽ ഒട്ടേറെ തട്ടിപ്പവീരന്മാർ പ്രത്യക്ഷപ്പെടുകയും ഏലസ്സുകളുടെയും സ്വർണ്ണചേനയുടേയും നിധിയുടെയും തുടങ്ങി നിരവധി നുണക്കഥകളും അന്ധവിശ്വാസങ്ങളും പ്രചരിപ്പിച്ച് ജനങ്ങളെ വഞ്ചിച്ചുവരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം കേസ്സുകൾ എത്ര എണ്ണത്തിൽ കുറ്റവാളികളെ പിടികൂടുവാനും ശിക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ടെന്ന് പറയുമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6 കേസുകളിൽ 5 എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 4 കേസുകൾ വിചാരണാവസ്ഥയിലാണ്. പ്രതികളെ ആരേയും ശിക്ഷിച്ചിട്ടില്ല. |
| (സി) | ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കുവാൻ ജനങ്ങളുടെ ശാസ്ത്രബോധം വളർത്തുകയും അവരെ ബോധവൽക്കരിക്കുകയുമാണ് വേണ്ടതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (സി) | ബോധവൽക്കരണം ഒരു പരിധിവരെ സഹായകരമാകും എന്നാലും ഇത്തരം തട്ടിപ്പുകളിൽ വീഴാതിരിക്കുവാനും തട്ടിപ്പുകാരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുവാനും ഓരോ പൗരനും കടമയുണ്ട്. രാഷ്ട്രീയ/ സാമൂഹ്യ/ യുവജന സംഘടനകൾ ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിന് സഹായകരമാകും. |

(ഡി) ശാസ്ത്ര ബോധമുള്ള ഒരു ജനതയെ വളർത്തിയെടുക്കുവാനും ശാസ്ത്രവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

(ഡി) ചൂഷണങ്ങൾക്ക് ജനങ്ങളെ വിധേയമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമ വ്യവസ്ഥയിൽ പോലീസിന് ചുമതലപ്പെടുത്തിയിട്ടുള്ള അധികാരം ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനായിട്ടുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ